പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1132 01/07/2015 - ൽ മറുപടിയ്ക്ക്

**വിദ്യാർത്ഥികളുടെ എണ്ണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. ദിവാകരൻ | ശ്രീ. പി. കെ. അബ്ദുറബ്ബ് (വിദ്യാഭ്യാസവകുപ്പ് മന്ത്രി) |
| (എ) സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികൾ കുറയുന്നത് പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികളും പദ്ധതികളും എന്തെന്ന് വിശദമാക്കാമോ ? | (എ) സർക്കാർ/എയിഡഡ് വിദ്യാലയങ്ങളിലെ കുട്ടികളുടെ കൊഴിഞ്ഞ് പോക്ക് നിയന്ത്രിക്കുന്നതിനായി അത്തരം കുട്ടികളെ കണ്ടെത്തി അവർക്ക് ആവശ്യമായ ബ്രിഡ്ജ് കോഴ്സ് നൽകി തിരികെ സ്കൂളിൽ പ്രവേശിപ്പിക്കുന്നതിനായി എസ്.എസ്.എ യുടെ നേതൃത്വത്തിൽ ഔട്ട് ഓഫ് സ്കൂൾ ഇന്റർവെൻഷൻ നടത്തിവരുന്നു. ഇതിനായി പ്രത്യേക ട്യൂട്ടർമാരെ നിയോഗിച്ചിട്ടുണ്ട്.<br>കൂടാതെ കൂടുതൽ കുട്ടികളെ സർക്കാർ/എയിഡഡ് സ്കൂളുകളിലേയ്ക്ക് ആകർഷിക്കുന്നതിനായി എസ്. സി.ഇ.ആർ.ടി യുടെ നേതൃത്വത്തിൽ പ്രാഥമിക പാഠ്യ പദ്ധതി പരിഷ്കരിച്ചു. അതിന്റെ ഭാഗമായി എല്ലാ കുട്ടികൾക്കും പഠന നേട്ടങ്ങൾ ഉറപ്പാക്കുന്നതരത്തിൽ സിലബസ്സും പാഠ പുസ്തകങ്ങളും പരിഷ്കരിക്കുകയും അദ്ധ്യാപക പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തുവരുന്നു. കൂടാതെ ഒന്നു മുതൽ നാല്പ വരെ ക്ലാസ്സുകളിലേയ്ക്ക് ഇംഗ്ലീഷ് മീഡിയം പാഠ പുസ്തകങ്ങൾ വേണമെന്ന ആവശ്യം പരിഗണിച്ച് ഇംഗ്ലീഷ് മീഡിയം പാഠപുസ്തകങ്ങൾ തയ്യാറാക്കി പഠിപ്പിച്ച്വരുന്നു. |

Sreedevi
സെക്ഷൻ ഓഫീസർ